**FY-335**

**Reg. No. : ......................................**

**Name : ...........................................**

**FIRST YEAR HIGHER SECONDARY EXAMINATION, MARCH 2025**

Part – III

Time : 2½ Hours

## ECONOMICS

Cool-off time : 15 Minutes

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക.**
**1 സ്കോർ വീതം.** **(8 × 1 = 8)**

1. കാർവെ കമ്മിറ്റി ബന്ധപ്പെട്ടിരിക്കുന്നത്
   (a) വൻകിട വ്യവസായങ്ങൾ
   (b) ചെറുകിട വ്യവസായങ്ങൾ
   (c) ദാരിദ്ര്യം
   (d) തൊഴിലില്ലായ്മ

2. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് ലോക ബാങ്ക് എന്നറിയപ്പെടുന്നത് ?
   (a) WTO
   (b) IMF
   (c) IBRD
   (d) RBI

3. ഇന്ത്യയിൽ, നിലവിലെ ദാരിദ്ര്യം കണക്കാക്കുന്നതിനുള്ള രീതി ശാസ്ത്രം ശുപാർശ് ചെയ്തത്
   (a) അലഗ് കമ്മിറ്റി
   (b) ലക്ക്ഡവാല കമ്മിറ്റി
   (c) വി.എം. ഡൻഡേക്കർ, എൻ. റാത്ത് കമ്മിറ്റി
   (d) ടെൻഡുൽക്കർ എക്സ്പേർട്ട് ഗ്രൂപ്പ്

4. ഗ്രാമീണ മേഖലയിലുള്ള എല്ലാ ധനകാര്യ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്ന ഏറ്റവും ഉന്നതിയിലുള്ള സ്ഥാപനമാണ്
   (a) RBI
   (b) വാണിജ്യ ബാങ്കുകൾ
   (c) ഭൂവികസന ബാങ്കുകൾ
   (d) നബാഡ്

5. സ്വയം തൊഴിൽ ചെയ്യുന്നവരും, സ്ഥിരവരുമാനക്കാരും താൽകാലിക കൂലി തൊഴിലാളികളായി മാറുന്ന പ്രക്രിയ അറിയപ്പെടുന്നത്
   (a) തൊഴിൽ രഹിത വളർച്ച
   (b) തൊഴിൽ ശക്തിയുടെ അനൗപചാര വൽക്കരണം
   (c) തൊഴിൽ ശക്തിയുടെ താൽകാലിക വത്കരണം
   (d) തൊഴിൽ ശക്തിയുടെ സ്ഥാപന വൽക്കരണം

6. താഴെ പറയുന്നവയിൽ ഭൂമിയുടെ അപചയത്തിന് കാരണമാകാത്തത് ഏത് ?
   (a) കാട്ട് തീ
   (b) രാസ വളം
   (c) മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
   (d) വന നശീകരണം

7. ദ്വിതീയ ദത്തത്തിന്റെ ഉറവിടമാണ്

(a) നേരട്ടുള്ള വ്യക്തിഗത അഭിമുഖം

(b) ടെലഫോൺ അഭിമുഖം

(c) ചോദ്യാവലി തപാൽ മുഖേന അയച്ചുള്ള അന്വേഷണം

(d) സെൻസസ് റിപ്പോർട്ട്

8. സമയത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വർഗീകരണ മാണ്

(a) സ്ഥലീയം

(b) പരിമാണാത്മകം

(c) ഗുണപരം

(d) കാലാനുസൃതം

9. r = 1 ആണെങ്കിൽ ചരങ്ങൾ തമ്മിലുള്ള സഹബന്ധം

(a) പൂർണ്ണ പോസിറ്റീവ് സഹബന്ധം

(b) പൂർണ്ണ നെഗറ്റീവ് സഹബന്ധം

(c) വളരെ താഴ്ന്ന പോസിറ്റീവ് സഹബന്ധം

(d) സഹബന്ധം ഇല്ല

10. ഇനങ്ങളുടെ ആപേക്ഷിത പ്രാധാന്യം വിശദീകരിക്കുന്ന സൂചികയാണ്

(a) കേവല സഞ്ചിത സൂചിക

(b) കേവല ശരാശരി വില സൂചിക

(c) ഭാരിത സൂചിക

(d) ഇവയൊന്നുമല്ല

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

11. WTO യുടെ രണ്ട് ലക്ഷ്യങ്ങൾ എഴുതുക.

12. പരിസ്ഥിതിയുടെ ധർമ്മങ്ങൾ സൂചിപ്പിക്കുക.

13. സാമ്പത്തിക ശാസ്ത്രത്തിൽ സാംഖ്യകത്തിന്റെ രണ്ട് ഉപയോഗങ്ങൾ എഴുതുക.

14. അസന്തതചരവും സന്തതചരവും തമ്മിൽ വിവേചിക്കുക. ഓരോ ഉദാഹരണം വീതം എഴുതുക.

15. ഒരു പ്രോജക്റ്റ് തയ്യാറാക്കുന്നതിനുള്ള ഘട്ടങ്ങൾ എഴുതുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

16. ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണത്തിന്റെ മൂന്ന് പോരായ്മകൾ എഴുതുക.

17. (a) തൊഴിലാളി ജനസംഖ്യ അനുപാതം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?
    (b) ഉയർന്ന തൊളിലാളി ജനസംഖ്യ അനുപാതം എന്നത്കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

18. യാദൃശ്ചിക സാമ്പ്ളിങ്ങും യാദൃശ്ചിക മല്ലാത്ത സാമ്പ്ളിങ്ങും തമ്മിൽ വിവേചിക്കുക.

19. ഒരു പട്ടികയുടെ ഭാഗങ്ങൾ സൂചിപ്പിക്കുക.

20. ഇൻഡക്സ് നമ്പറുകളുടെ രൂപീകരിക്കുമ്പോഴുള്ള മൂന്ന് പ്രശ്നങ്ങൾ വിശദീകരിക്കുക.

**21 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

21. കോളനി കാലഘട്ടത്തിലെ ഇന്ത്യയിലെ അടിസ്ഥാന സംവിധാനങ്ങളെ വിമർശനാത്മകമായി വിശദീകരിക്കുക.

22. ഇന്ത്യയിൽ മനുഷ്യ മൂലധന സ്വരൂപികരണത്തിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കുക, പ്രത്യേകിച്ച് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട്.

23. ചൈനയുടെ വികസന നയങ്ങൾ വിശദീകരിക്കുക.

24. സാമ്പ്ളിങ്ങ് പിഴവുകളും സാമ്പ്ളിങ്ങ് ഇതര പിഴവുകളും വിവേചിക്കുക.

25. ഒരു സൗന്ദര്യ മത്സരത്തിൽ 5 വ്യക്തികളെ രണ്ട് ജഡ്ജിമാർ വിലയിരുത്തുന്നു.

| **ജഡ്ജി** | **A** | **B** | **C** | **D** | **E** |
|---|---|---|---|---|---|
| **ജഡ്ജി I** | 3 | 2 | 5 | 1 | 4 |
| **ജഡ്ജി II** | 1 | 4 | 2 | 5 | 3 |

റാങ്ക് സഹബന്ധ ഗുണാങ്കം കണ്ടെത്തുക.

**26 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

26. ഇന്ത്യൻ കാർഷിക മേഖലയിലും വ്യവസായ മേഖലയിലും പുത്തൻ സാമ്പത്തിക നയങ്ങളുടെ ഫലങ്ങൾ ചർച്ചചെയ്യുക.

27. (a) സുസ്ഥിര വികസനം എന്നത്കൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത് എന്ത് ?

(b) സുസ്ഥിര വികസനം നേടിചെടുക്കുന്നതിന് ആവശ്യമായ നയങ്ങൾ എഴുതുക.

28. ചില സാഹചര്യങ്ങളിൽ നേരിട്ടുള്ള വ്യക്തികത അഭിമുഖമാണ് ചോദ്യാവലി അയച്ചുനൽകി അന്വേഷണം നടത്തുന്ന തിനേക്കാൾ മെച്ചം. വിശദീകരിക്കുക.

29. ഒരു പട്ടണത്തിലെ 45 കുടുംബങ്ങളിൽ അവർ ഉപയോഗിക്കുന്ന സെൽഫോണുകളെ കുറിച്ച് ഒരു സർവെ നടത്തി. താഴെ കൊടുത്തിരിക്കുന്ന അവരുടെ മറുപടി അനുസരിച്ച്. ഒരു ആവൃത്തിനിര തയ്യാറാക്കുക :

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | 3 | 2 | 2 | 2 | 2 | 2 | 1 | 1 | 2 | 2 |
| 3 | 3 | 3 | 3 | 3 | 3 | 2 | 3 | 2 | 2 | 6 |
| 1 | 6 | 2 | 1 | 2 | 4 | 2 | 7 | 4 | 2 | 4 |
| 3 | 4 | 2 | 0 | 5 | 3 | 2 | 1 | 1 | 2 | 3 |
| 2 | | | | | | | | | | |

30. ബീഹാറിലെ ഒരു ജില്ലയിലെ വിദ്യാലയങ്ങളിലെ 6-14 വയസ്സ് കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള പ്രവേശനം ശതമാനം താഴെ തന്നിരിക്കുന്നു :

| **ലിംഗം** | **പ്രവേശനം നേടിയവർ (%)** | **പ്രവേശനം നേടാത്തവർ (%)** |
|---|---|---|
| **ആൺകുട്ടികൾ** | 91.5 | 8.5 |
| **പെൺകുട്ടികൾ** | 58.6 | 41.4 |

ഒരു ഘടക ബാർ ഡയഗ്രം (കോമ്പണന്റ് ) വരക്കുക.

**31 മുതൽ 33 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**8 സ്കോർ വീതം.** **(2 × 8 = 16)**

31. ഇന്ത്യയിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ധാരാളം പദ്ധതികൾ നടപ്പിലാക്കി. ഈ പദ്ധതികൾ വിശദീകരിക്കുക.

32. വൈവിധ്യ വൽക്കരണത്തിലൂടെ ഗ്രാമീണ വികസനം സാധ്യമാണ്.

(a) ഗ്രാമീണ മേഖലയിലെ വൈവിധ്യ വൽക്കരണത്തിന്റെ ആവശ്യകതയെകുറിച്ച് വിശദീകരിക്കുക. **(2)**

(b) കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേക്കുള്ള വൈവിധ്യ വൽക്കരണത്തെ കുറിച്ച് വിശദീകരിക്കുക. **(6)**

33.

| മാർക്ക് | ആവൃത്തി |
|---|---|
| 0 – 10 | 5 |
| 10 – 20 | 12 |
| 20 – 30 | 15 |
| 30 – 40 | 25 |
| 40 – 50 | 8 |
| 50 – 60 | 3 |
| 60 – 70 | 2 |

(a) മാധ്യം, ബഹുലകം എന്നിവ കണ്ടെത്തുക. **(6)**

(b) സമാന്തര മാധ്യത്തിന്റെ രണ്ട് രസകരമായ സവിശേഷതകൾ എഴുതുക. **(2)**